സബ്മിഷൻ

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീനും ഇക്കാര്യത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് വേറൊരു സബ്മിഷനുള്ളതുകൊണ്ട് സംസാരിക്കാൻ പ്രയാസമാണ്.

പരിസ്ഥിതി ആഘാത പഠനാനുമതി

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അഗളി വില്ലേജിലെ ചിറ്റൂർ ശിരുവാണി പുഴയ്ക്കുകുറുകെ കേരളം നിർമ്മിക്കാനുദ്ദേശിക്കുന്ന അട്ടപ്പാടി വാലി അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനത്തിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റ് നൽകിയതാണ്. അത് കേന്ദ്രം മരവിപ്പിച്ചിരിക്കുന്നുവെന്ന് ഇന്നലെ ഒരു വാർത്ത വന്നു. തമിഴ്നാടിന്റെ എതിർപ്പാണ് അതിനുകാരണമെന്നാണ് അറിയുന്നത്. നേരത്തെ മുല്ലപ്പെരിയാർ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനവും ഇതുപോലെ ആദ്യം ലഭിച്ചു, പിന്നീട് കേന്ദ്രം തടയുകയുണ്ടായി. രൂക്ഷമായ കുടിവെള്ളക്ഷാമവും വരൾച്ചയും നേരിടുന്ന ഒരു പ്രദേശമാണ് അട്ടപ്പാടി. അതിനൊരു പരിഹാരം കാണാനാണ് അട്ടപ്പാടിയിൽ ഇത്തരമൊരു പദ്ധതി

ആവിഷ്ക്കരിക്കാൻ തീരുമാനിച്ചത്. ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനും ആ പ്രദേശത്ത് അനുഭവിക്കുന്ന രൂക്ഷമായ വരൾച്ച മാറ്റാനും കൃഷിക്കനുയോജ്യമാക്കി മാറ്റാനും വേണ്ടിയിട്ടാണ് ഈ പദ്ധതി നമ്മൾ ആവിഷ്ക്കരിച്ചത്. കാവേരി ട്രിബ്യൂണൽ വിധി അനുസരിച്ച് ഭവാനി പുഴയിൽ നിന്നും 6 ടി.എം.സി. ജലം കേരളത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 2.87 ടി.എം.സി. ജലം ശേഖരിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി. തമിഴ്നാടിനെ ഒരു കാരണവശാലും ഇത് ബാധിക്കുന്നതല്ല. തമിഴ്നാട്ടിലെ കോയമ്പത്തൂർ അടക്കമുള്ള പ്രദേശങ്ങൾക്കെല്ലാം ഈ പദ്ധതി നടപ്പിലാക്കിയാലും നിർബാധമായി ജലം ലഭിക്കുന്നതാണ്. തമിഴ്നാടിന് ജലം കിട്ടാത്തൊരു അവസ്ഥ ഒരു കാരണവശാലും ഉണ്ടാകുന്നുമില്ല. തമിഴ്നാട്ടിലെ ജനങ്ങൾക്ക് ആവശ്യമായ വെള്ളം ലഭിക്കുകയെന്ന കാര്യത്തിൽ നമുക്ക് അഭിപ്രായ വ്യത്യാസവുമില്ല. ശിരുവാണിപ്പുഴ പൂർണ്ണമായും കേരളത്തിന്റേതാണ്. ഡാമിന്റെ വൃഷ്ടിപ്രദേശവും പൂർണ്ണമായും കേരളത്തിന്റേതാണ്. തമിഴ്നാടിന്റെ ഒരു പ്രദേശവും ഈ ഡാമിന്റെ വൃഷ്ടിപ്രദേശത്തില്ല. 1970-ൽതന്നെ ഡാമിനുവേണ്ടിയിട്ടുള്ള ശ്രമം കേരളം ആരംഭിച്ചു. ഇതിനാവശ്യമായ 218 ഏക്കർ ഭൂമി 1970-കളിൽ തന്നെ നമ്മൾ ഏറ്റെടുത്തതാണ്. ഡാം പണിയുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം നമ്മൾ ഒരുക്കിയതാണ്. എന്നാലും തമിഴ്നാടിന്റെ

എതിർപ്പുകാരണം ആ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയില്ല. നമുക്ക് അന്ന് പരിസ്ഥിതി ആഘാത പഠനത്തിനുള്ള അവസരവും കിട്ടിയില്ല. ഇപ്പോൾ പരിസ്ഥിതി ആഘാത പഠനത്തിനുള്ള അവസരം കിട്ടിയൊരു സാഹചര്യമാണ്. അതിപ്പോൾ വീണ്ടും നിർത്തിവയ്ക്കാനുള്ള തീരുമാനം കേന്ദ്രത്തിൽനിന്നും ഉണ്ടായിരിക്കുന്നു. കാവേരി നദീജല ട്രിബ്യൂണലിന്റെ വിധി വന്നതോടെ ഈ അണക്കെട്ട് പണിയുന്നതിനുള്ള സാധ്യത കേരളത്തിന് തെളിയുകയായിരുന്നു. ഡാമിനെതിരെ തമിഴ്നാട് ഉയർത്തുന്ന വാദഗതികൾ അടിസ്ഥാനരഹിതമാണ്. ശിരുവാണിപ്പുഴയിൽ കേരളം അണ കെട്ടിയാൽ ഭവാനിപ്പുഴയിലേയ്ക്കുള്ള ഒഴുക്ക് കുറയുമെന്നും, കോയമ്പത്തൂർ, ഈറോഡ്, തിരുപ്പൂർ എന്നിവിടങ്ങൾ ജലക്ഷാമമുണ്ടാകുമെന്നുള്ള ആശങ്ക അസ്ഥാനത്താണ്. തമിഴ്നാട് നിയമസഭ 02.09.2016-ൽ അട്ടപ്പാടി വാലി പ്രോജക്ടിനുനൽകിയ പരിസ്ഥിതി ആഘാത പഠനത്തിനുനൽകിയ അനുമതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഏകകണ്ഠമായ ഒരു പ്രമേയം പാസാക്കിയിരുന്നു. തമിഴ്നാട് മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ കണ്ട് ഈ ആവശ്യം ഉന്നയിച്ചിരുന്നു. കേരളത്തിന്റെ ഭൂമിയിൽ, കേരളത്തിനുള്ളിൽ, കേരളത്തിന്റെ നദിക്ക് കുറുകെ അണക്കെട്ട് പണിയുന്നത് അനുവദിക്കാതിരിക്കുന്നത് നമ്മുടെ ഫെഡറൽ സങ്കൽപ്പങ്ങൾക്കുതന്നെ എതിരാണ്. കേന്ദ്രസർക്കാരും തമിഴ്നാട് സർക്കാരും

ചേർന്ന് കേരളത്തിന്റെ താൽപ്പര്യങ്ങൾ ഹനിക്കുകയാണ്. സംസ്ഥാനത്തിന്റെ അവകാശങ്ങളുടെമേലുള്ള കടന്നുകയറ്റവുമാണിത്. അതിനാൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഈ ഡാം പണിയാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. ഞാൻ ആ പ്രദേശം സന്ദർശിച്ചതാണ്. എന്നോടൊപ്പം മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീനും ഉണ്ടായിരുന്നു. ഡാം പണിയാനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഇന്നവിടെ ഒരുങ്ങിക്കഴിഞ്ഞു. ഓഫീസുകൾവരെ നിർമ്മിച്ചിരിക്കുകയാണ്. ആവശ്യാനുസരണമുള്ള മറ്റു അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിയിരിക്കുകയാണ്. കേന്ദ്രത്തിന്റെ പരിസ്ഥിതി ആഘാത പഠനം നടത്താനുള്ള അനുവാദം കിട്ടിയത് നിർത്തലാക്കുകയെന്നുപറയുന്നത് കേരളത്തിനോടുള്ള അവഗണനയാണ്. ശക്തമായി ഇത് കേന്ദ്രത്തിൽ ഉന്നയിച്ച് ഡാം പണിയുവാൻ വേണ്ടിയിട്ടുള്ള പ്രാഥമിക നടപടിയായ പരിസ്ഥിതി ആഘാതപഠനത്തിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എൻ ഷംസുദ്ദീൻ:</u> സർ, പ്രസ്തുത വിഷയത്തിൽ ഈ സഭയുടെ ആദ്യ ദിവസങ്ങളിൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ ഒരു സബ്മിഷൻ കൊടുത്തിരുന്നു. അന്ന് അതിന് മറുപടിയും തന്നിരുന്നു. അന്ന് അതിൽ

ആവശ്യപ്പെട്ടിരുന്നത് പരിസ്ഥിതി ആഘാത പഠനത്തിന് നമുക്ക് കിട്ടിയ അനുമതിയെത്തുടർന്ന് തമിഴ്നാട്ടിൽ ബന്ദ് നടന്നു. തമിഴ്നാട്ടിൽനിന്ന് ഓരോ ദിവസവും ഡി.എം.കെ.യുടെയും എ.ഐ.ഡി.എം.കെ.യുടെയും വൈക്കോയുടെയുംമറ്റും കൊടി കെട്ടിയിട്ട് വാഹനങ്ങൾ അട്ടപ്പാടിയിൽവന്ന് ഈ ഡാംസൈറ്റ് സന്ദർശിച്ചിട്ട് പോകും. അവർ ഭയങ്ക പ്രകോപനങ്ങൾ ഉണ്ടാക്കിയിരുന്നു. നയപരമായി ഇതിലിടപെടണമെന്നും ഈ പദ്ധതി നഷ്ടപ്പെടാതിരിക്കാൻ സർക്കാർ ജാഗ്രത കാണിക്കണമെന്നും അന്ന് ഞാൻ എന്റെ റിക്വസ്റ്റിൽ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ നമ്മൾ പേടിച്ചതുപോലെതന്നെ സംഭവിച്ചു. തമിഴ്നാട്ടിലെ വൈകാരികമായി അവർ ഉയർത്തിക്കൊണ്ടുവന്ന പ്രക്ഷോഭങ്ങളേയും സമ്മർദ്ദങ്ങളേയും തുടർന്ന് കിട്ടിയ പരിസ്ഥിതി ആഘാത പഠന അനുമതി...... ഈ അനുമതി കിട്ടിയാൽ തന്നെയും ഒന്നര വർഷത്തോളമെടുക്കും അത് പൂർത്തിയാക്കാൻ. ഈ ഡാം നിർമ്മിക്കണമെങ്കിൽ 400 കോടി രൂപ വേണം. അതുകൊണ്ട് ഈ ഡാം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. നമുക്ക് കിട്ടാനുള്ള 4.67 ടി.എം.സി. ജലം എടുക്കേണ്ടത് ഈ ഡാമിലൂടെയാണ്. അത് കാവേരി ട്രിബ്യൂണലിന്റെ വിധിയാണ്. അതുകൊണ്ട് ഗവൺമെന്റ് ജാഗ്രത കാണിക്കണം. ഇത് നിഷേധിച്ചതിനെതിരെ സുപ്രീം കോടതിയിൽ പോകണമെന്നാണ് എനിക്ക്

ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശിരുവാണിപ്പുഴയ്ക്ക് കുറകെ അണക്കെട്ട് നിർമ്മിച്ച് അഗളി, ഷോളയൂർ, കോട്ടത്തറ മേഖലയിലെ 4900 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചന സൗകര്യം ചെയ്യുന്നതിനാണ് അട്ടപ്പാടിവാലി ജലസേചന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ശിരുവാണിപ്പുഴ ഭവാനി നദിയുടെ കൈവഴിയാണ്. ഭവാനി നദി കാവേരി നദിയുടെ കൈവഴിയാണ്. പദ്ധതി നടപ്പിലാക്കുന്നതിന് അയൽ സംസ്ഥാനങ്ങളുടെ സമവായവും അംഗീകാരവും ആവശ്യമായിരുന്നു. 1969-ൽ കേന്ദ്ര ജലസേചന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തമിഴ്നാടിന്റെയും കേരളത്തിന്റെയും മുഖ്യമന്ത്രിമാരുടെ യോഗം ചേർന്ന് കോയമ്പത്തൂർ കുടിവെള്ളപദ്ധതിക്കായി കേരളത്തിൽ ശിരുവാണിപ്പുഴയ്ക്ക് കുറുകെ ഒരു അണക്കെട്ട് നിർമ്മിക്കാൻ ധാരണയായി. ഇതിനെത്തുടർന്ന് 1970-ൽ പര്യവേഷണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. 1973-ൽ പദ്ധതിക്കായി കരാർ ഒപ്പിട്ടു. എന്നാൽ 2.6.1990-ൽ കാവേരി ട്രൈബ്യൂണൽ നിലവിൽ വന്നതിനാൽ അതിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അംഗീകാരം നൽകാമെന്ന് കേന്ദ്ര ജലകമ്മീഷൻ അറിയിക്കുകയുണ്ടായി. കർണ്ണാടകവും തമിഴ്നാടും ട്രൈബ്യൂണലിന്റെ വിധിക്കായി കാത്തുനിൽക്കാതെ പദ്ധതികളുമായി മുന്നോട്ടുപോയി.

ഇതിനെത്തുടർന്ന് 2000-ൽ ഈ പദ്ധതി പുനരാരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ശിരുവാണി പദ്ധതിപ്രദേശം തമിഴ്നാട് സംസ്ഥാന അതിർത്തിയിൽ നിന്നും 10 കിലോമീറ്റർ ഉള്ളിലായതിനാൽ തമിഴ്നാട് സർക്കാരിന്റെ അഭിപ്രായം ആരായുവാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി നിർദ്ദേശിച്ചു. ഇതിനായി സംസ്ഥാന സർക്കാർ 4.5.2016-ൽ തമിഴ്നാടിന് കത്തയച്ചു. എന്നാൽ തമിഴ്നാട് സർക്കാർ മറുപടിയൊന്നും നൽകാത്തതിനെത്തുടർന്ന് നമ്മുടെ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകാരം നൽകുന്നതിനായി എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി ശിപാർശ ചെയ്തു. അതുപ്രകാരം പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം 2016 സെപ്തംബറിൽ ആരംഭിച്ചു. എന്നാൽ തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 27.8.2016-ന് കത്തയച്ചതിനെത്തുടർന്ന് 10.10.2016-ലെ കത്ത് പ്രകാരം പരിസ്ഥിതി ആഘാത പഠനത്തിന് അനുമതി നൽകുന്ന കാര്യം നിർത്തിവയ്ക്കാൻ തീരുമാനിച്ചതായി കേന്ദ്രപരിസ്ഥിതി മന്ത്രാലയം കേരളത്തെ അറിയിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചുകിട്ടിയില്ലെങ്കിൽ പഠനം നടത്താൻ സാധിക്കില്ല. പരിസ്ഥിതി ആഘാതപഠനം നടത്തിയാൽ മാത്രമേ പാരിസ്ഥിതികാനുമതിക്കായി

അപേക്ഷിക്കാൻ കഴിയുകയുള്ളൂ. പാരിസ്ഥിതികാനുമതിയും വനം വകുപ്പിന്റെ അനുമതിയും ബന്ധപ്പെട്ട് കിടക്കുന്നതിനാൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിന് കാലതാമസം നേരിടും. ജലദൗർലഭ്യം നേരിടുന്ന കാർഷികമേഖലയായ അട്ടപ്പാടിക്ക് കുടിവെള്ളത്തിനും ജലസേചനത്തിനും ഈ പദ്ധതിയുടെ പൂർത്തീകരണം തികച്ചും അനിവാര്യമാണ്. അതുകൊണ്ട് കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് തന്നെ പദ്ധതിയുമായി മുന്നോട്ടുപോകാനും അതിലേയ്ക്കായി തമിഴ്നാട് സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പിൻതുണ നേടിയെടുക്കാനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

പരിസ്ഥിതി മലിനീകരണം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് വ്യവസായമേഖലയിൽ 43 ഓളം ഇരുമ്പുരുക്ക് കമ്പനികൾ പ്രവർത്തിച്ചുവരുന്നു. ഇതുമൂലം ഈ പ്രദേശത്തുണ്ടാകുന്ന ഗുരുതരമായ മാലിന്യപ്രശ്നങ്ങൾ ഞാൻ കഴിഞ്ഞ സഭാകലയളവിൽ ഉന്നയിച്ചിരുന്നതാണ്. ഈ പ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങളിൽ ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. മാരകമായ രോഗങ്ങൾ ഈ പ്രദേശത്തെ ജനങ്ങളെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഈ

കമ്പനികൾ പുറത്തുവിടുന്ന മാലിന്യങ്ങൾ തടയുവാൻ ആവശ്യമായ കർശന നടപടികൾ മലിനീകരണ ബോർഡ് അധികൃതർ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ മലമ്പുഴഡാമിന്റെ വൃഷ്ടിപ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ഐ.എം.എ യുടെ കീഴിലുള്ള 'ഇമേജ്' എന്ന ആശുപത്രി മാലിന്യസംസ്കരണ യൂണിറ്റിന്റെ പ്രവർത്തനവും ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ആശുപത്രിമാലിന്യങ്ങളും സംസ്കരിക്കുന്നത് മലമ്പുഴ ഡാമിന് അടുത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലാണ്. അതുകൊണ്ടുതന്നെ ഈ പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾ ആശങ്കയിലാണ്. കാർഷികവിളകളെല്ലാം തന്നെ മാലിന്യവിസർജ്ജനം നിമിത്തം ഉണങ്ങിപ്പോകുന്ന സ്ഥിതിയുമുണ്ട്. അതിനാൽ ഈ പ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി തടയുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുതുശ്ശേരി പഞ്ചായത്തിലെ കഞ്ചിക്കോട് പ്രദേശത്തെ 36 ഇരുമ്പുരുക്ക് വ്യവസായസ്ഥാപനങ്ങൾ സന്ദർശിച്ചശേഷം മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിച്ച റിപ്പോർട്ടിൽ ഈ സ്ഥാപനങ്ങളിൽ വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ ചിലതിന് ഭേദഗതി ആവശ്യമാണെന്ന്

കണ്ടിട്ടുണ്ട്. തുടർന്ന് അത്തരത്തിൽ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും കമ്പനികളിലെ മലിനീകരണം നിരീക്ഷിക്കുന്നതിനും തുടർനടപടികൾക്കുമായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയം 24 മണിക്കൂറും കർമ്മനിരതമാണ്. സംസ്ഥാനത്ത് ഇന്ന് ആശുപത്രിമാലിന്യം സംസ്കരിക്കുന്നതിനായി ഇമേജ് എന്ന പേരിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ മാന്തുരുത്തിയിൽ പ്രവർത്തിക്കുന്ന ഒരു പൊതുസംവിധാനം മാത്രമേയുള്ളൂ. 26.3.2003-ലാണ് മലിനീകരണ നിയന്ത്രണ ബോർഡ് ഈ പ്ലാന്റിന് സ്ഥാപനാനുമതി നൽകിയത്. നിലവിൽ കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇമേജിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള തരംതിരിച്ച ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ദിനംപ്രതി ഇമേജിന്റെ പ്ലാന്റിൽ എത്തിക്കുകയും അത് അവർ സംസ്കരിക്കുകയുമാണ് ചെയ്യുന്നത്. പരിസ്ഥിതി സംരക്ഷണ നിയമത്തിനുകീഴിൽ വരുന്ന ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രതിപാദിക്കുന്ന വിധമാണ് ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കേണ്ടത്. ഇതിനായി പൊതു ബയോമെഡിക്കൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ അനിവാര്യമാണ്. പ്രതിദിനം 37 ടൺ ബയോ മെഡിക്കൽ

മാലിന്യം സംസ്കരിക്കുന്നതിനുള്ള അനുമതിയാണ് ഇമേജിനുള്ളത്. സ്ഥാപനാനുമതി നൽകിയതിനുശേഷം വിവിധ സന്ദർഭങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ ബോർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാര പരിധിക്കുള്ളിലാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇമേജിൽ നിന്നുള്ള മലിനീകരണം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മലിനീകരണ സംവിധാനങ്ങൾ വീണ്ടും പരിശോധിച്ചിട്ടുണ്ട്. സംസ്കരിച്ച മലിനജലം പൊടി കലർന്ന മഴവെള്ളം എന്നിവ പാടത്തേയ്ക്കോ തോടുകളിലേയ്ക്കോ എത്താതിരിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇവിടെനിന്നും മലമ്പുഴ ഡാമിലേയ്ക്ക് നേരിട്ടുള്ള ഒഴുക്ക് അടുത്ത കാലത്ത് നടത്തിയ പരിശോധനകളിലൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥാപനത്തിന്റെ പ്രവർത്തനം മൂലം പരിസരപ്രദേശങ്ങളിലെ ജനങ്ങൾക്കോ മൃഗാദികൾക്കോ ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുള്ള നിയന്ത്രണങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത സ്ഥാപനത്തിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇമേജിൽ നിന്നുള്ള ജലം മലമ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് എത്തിച്ചേരുന്നുണ്ടോ എന്നത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ പഠനം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. കെ. എം. മാണി : സർ, എന്റെ നിയോജകമണ്ഡലത്തിൽ രാമപുരം പഞ്ചായത്തിൽ കുറിഞ്ഞി-കോട്ടമലയിൽ നടക്കുന്ന പാറപൊട്ടിക്കൽ സമീപവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയായി തീർന്നിരിക്കുകയാണ്. അപകടങ്ങൾ ദൂരീകരിക്കുന്നതിന് യാതൊരു സുരക്ഷാനടപടികളുമില്ലാതെയാണ് ഈ പാറപൊട്ടിക്കൽ നടന്നുകൊണ്ടിരിക്കുന്നത്. ഇത് തടയേണ്ടത് ഏറ്റവും വലിയ ഒരാവശ്യമാണ്. കഴിഞ്ഞ ദിവസം ഒരു ഭീമൻ പാറ കഷണം 300 അടി ഉയരത്തിൽ നിന്നും താഴോട്ട് പതിക്കുകയും സ്ഥലവാസികളെല്ലാം പരിഭ്രാന്തരായി തീരുകയും ചെയ്തു. ഭയാശങ്കകൊണ്ടും പൊടിപടലം കൊണ്ടും ശബ്ദമലിനീകരണം കൊണ്ടും ജനങ്ങൾ മുഴുവൻ പരിഭ്രാന്തിയിൽ കഴിയുകയാണ്. പാറപൊട്ടിക്കലിനെതിരെ ജനങ്ങൾ സമരത്തിലേയ്ക്ക് നീങ്ങി. മറ്റ് അധികൃതസ്ഥാനങ്ങളെ സമീപിച്ചിട്ടും പരാതികൊടുത്തിട്ടും ഫലമുണ്ടായില്ല. നാട്ടുകാർ മുഴുവൻ പ്രതിഷേധത്തിലും ഭയപ്പാടിലുമാണ്. അവർ ഇതിനെതിരെ സമരത്തിലേയ്ക്കിറങ്ങേണ്ട സ്ഥിതിവിശേഷം വളർന്നുവന്നു. പാറപൊട്ടിക്കലിനെതിരെ സമരം ചെയ്ത കുറിഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. തോമസ് ആയിരിക്കുന്നേലിനെ ഒന്നാം പ്രതിയാക്കുകയും ഏതാനും ജനപ്രതിനിധികൾ ഉൾപ്പെടെ മറ്റ് മുപ്പതോളം പേരെ

പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തുകയും രണ്ട് കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. വൈദികരേയും മറ്റ് പ്രതികളെയും റിമാന്റ് ചെയ്ത് ജയിലിൽ കഴിയേണ്ടിവന്നു. ഇതിൽ പ്രതിഷേധിച്ച് രാമപുരം പഞ്ചായത്തിൽ ഹർത്താൽ ആചരിക്കപ്പെട്ടു. രാമപുരം പഞ്ചായത്തിൽ സ്ഫോടനാത്മകമായ ഒരു സ്ഥിതിവിശേഷമാണ് നിലകൊള്ളുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ടതായിട്ടുണ്ട്. പാറപൊട്ടിക്കൽ അടിയന്തരമായി നിർത്തിവയ്ക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. അതോടൊപ്പം ജനപ്രതിനിധികൾക്കും ജനങ്ങൾക്കും മറ്റാളുകൾക്കുമെതിരെ എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കണം. ഇങ്ങനെയുള്ള കാര്യങ്ങളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അവരെ ബുദ്ധിമുട്ടിപ്പിക്കുന്നത് വളരെ പ്രയാസമാണ്. ഇക്കാര്യത്തിൽ എത്രയും വേഗം ഗവൺമെന്റ് ഇടപെടുകയും കേസ്സുകൾ പിൻവലിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ രാമപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന 4.1341 ഹെക്ടർ സ്വകാര്യ ഭൂമിയിൽ നിന്ന് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 12 വർഷക്കാലത്തേയ്ക്കുള്ള ക്വാറിയിംഗ് ലീസ് 13-09-2013-ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ

നിന്നും സെന്റ് ബേസിൽ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് ബന്ധപ്പെട്ട ചട്ടപ്രകാരം അനുവദിച്ചിരുന്നു. കേരള സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നും ലഭിച്ച പാരിസ്ഥിതികാനുമതിയുടെ അടിസ്ഥാനത്തിലാണ് ഈ ലീസ് അനുവദിച്ചത്. മൈനിംഗ് പ്ലാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ് ലൈസൻസ് അനുവദിച്ചിരുന്നില്ല. പാരിസ്ഥിതികാനുമതി പുനഃപരിശോധിക്കണ മെന്നാവശ്യപ്പെട്ട് പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയെ പഞ്ചായത്ത് സമീപിച്ചു. അതോറിറ്റി പഞ്ചായത്തിന് അനുകൂലമായ തീരുമാനം നൽകിയില്ല. ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ് ലൈസൻസ് അനുവദിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിനെതിരെ ക്വാറി ഉടമ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ലൈസൻസ് അനുവദിക്കണമെന്ന് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് ഉത്തരവിട്ടു. ഈ ഉത്തരവിനെതിരെ പഞ്ചായത്ത് അപ്പീൽ നൽകി. പ്രസ്തുത

റിട്ട് അപ്പീൽ ഡിവിഷൻ ബഞ്ച് ഡിസ്മിസ് ചെയ്തു. ഈ വിധിക്കെതിരെ പഞ്ചായത്ത് റിവ്യൂ പെറ്റിഷൻ നൽകിയെങ്കിലും ഡിവിഷൻ ബഞ്ച് അത് തള്ളി. തുടർന്ന് ക്വാറി പ്രവർത്തനത്തിനെതിരെ നാട്ടുകാർ ജില്ലാ കളക്ടർക്ക് പരാതി നൽകുകയും ജില്ലാ കളക്ടർ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെക്കൊണ്ട് പഠനം നടത്തിക്കുകയും തുടർന്ന് ദുരന്ത നിവാരണ അതോറിറ്റിയുടെ അഭിപ്രായ പ്രകാരം ജില്ലാ കളക്ടർ ക്വാറി പ്രവർത്തനം നിരോധിക്കുകയും ചെയ്തു. ജില്ലാ കളക്ടറുടെ സ്റ്റോപ്പ് മെമ്മോയുടെ വെളിച്ചത്തിൽ പഞ്ചായത്ത് ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ നൽകിയെങ്കിലും അത് ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയാണുണ്ടായത്. ഈ ഉത്തരവിനെതിരെ പഞ്ചായത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനും തള്ളി. ഇക്കാര്യത്തിനായി ഡിപ്പാർട്ടുമെന്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ചിനെ സമീപിക്കുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകി. സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിലാണ് രാമപുരം ഗ്രാമപഞ്ചായത്ത് ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ് ലൈസൻസ് നൽകിയത്. ക്വാറി പ്രവർത്തനം ആരംഭിക്കുന്നതിനെതിരായുള്ള തദ്ദേശവാസികളുടെ എതിർപ്പ് പല

തവണ ഉണ്ടായിട്ടുണ്ട്. പരിസ്ഥിതി ദുർബല പ്രദേശമാണെന്ന കാര്യം ചൂണ്ടിക്കാണിച്ച് ക്വാറിക്കെതിരെ പ്രതിഷേധം തുടരുന്നുണ്ട്. 2016 ഒക്ടോബർ 28-ന് ക്വാറിക്കെതിരെയുള്ള പ്രതിഷേധത്തിനിടയിൽ ഔദ്യോഗികാവശ്യത്തിനായി രാമപുരം വില്ലേജ് ഓഫീസിലെത്തിയ പാലാ ആർ.ഡി.ഒ.-യെ തടഞ്ഞുവയ്ക്കുകയും പഞ്ചായത്ത് ക്വാറിക്ക് നൽകിയ പ്രവർത്തനാനുമതി റദ്ദാക്കണമെന്നാവശ്യപ്പെടുകയുമുണ്ടായി. പ്രതിഷേധത്തിൽ 32 പേർ ഉണ്ടായിരുന്നു. ബലപ്രയോഗത്തിലൂടെ അറസ്റ്റിന് ശ്രമിച്ചാൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുമെന്നതിനാൽ അറസ്റ്റ് ഒഴിവാക്കി പൊലീസ് സംയമനം പാലിക്കുകയാണുണ്ടായത്. ആർ.ഡി.ഒ.-യുടെ പരാതിയിന്മേൽ മുപ്പതോളം ആളുകളെ പ്രതിയാക്കി രാമപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിലെ പ്രതികളെ ആരെയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ കേസ്സിലെ പ്രതികളായ 25 പേർ പാലാ ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നേരിട്ട് ഹാജരായിക്കി ആർ.ഡി.ഒ.-യുടെ പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സായതിനാൽ കോടതി 01-11-2016-ന് വൈകി റിമാന്റ് ചെയ്യുകയും

യാതൊരു ക്രിമിനൽ കേസ്സിലും ഉൾപ്പെടരുത് എന്ന ഉപാധിയോടെ ജാമ്യം അനുവദിച്ച് പിറ്റേ ദിവസം വിട്ടയയ്ക്കുകയും ചെയ്തു.

ശ്രീ. കെ. എം. മാണി: സർ, ഇത് തടയാനുള്ള നടപടിയെക്കുറിച്ചൊന്നും പറഞ്ഞില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് സുപ്രീംകോടതി വരെ പോയി നിൽക്കുന്ന ഒരു കേസ്സാണ്. 2013-ൽ ഇതിന് അനുമതി കൊടുത്തിട്ടുമുണ്ട്. എല്ലാക്കാര്യങ്ങളും പരിശോധിച്ചുമാത്രമേ ഒരു നിലപാട് എടുക്കാൻ പറ്റുകയുള്ളൂ. എന്താണ് ചെയ്യാൻ പറ്റുന്നതെന്ന് നോക്കാം.

ശിവഗിരി തീർത്ഥാടനം

ശ്രീ. വി. ജോയി: സർ, വിശ്വമാനവികതയുടെ നേർ രൂപമാണ് ശിവഗിരി. ജാതിവിവേചനത്തിന്റെയും മതവൈരത്തിന്റെയും ദുഷിച്ച വാദപ്രതിവാദങ്ങളും ആചാരാനുഷ്ഠാനപരമായ വൈവിധ്യങ്ങളും സമൂഹത്തിൽ കയറി ഉറച്ചുപോയ ആ കാലഘട്ടത്തിൽ നിന്നും മനുഷ്യനെ വെളിച്ചത്തിന്റെ നേർവഴിയിലേയ്ക്ക് നയിച്ച നവോത്ഥാന നായകനാണ് ശ്രീനാരായണ ഗുരുദേവനെന്ന് നമുക്കറിയാം. ഈ വർഷത്തെ ശിവഗിരി തീർത്ഥാടനം ഡിസംബർ 28, 29, 30, 31 ജനുവരി 1 എന്നീ

തീയതികളിലാണ് നടക്കുന്നത്. ഈ വർഷത്തെ ശിവഗിരി തീർത്ഥാടനത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്. 'നമുക്ക് ജാതിയില്ല വിളംബരത്തിന്റെ' നൂറ് സംവത്സരങ്ങൾ പൂർത്തിയായതിന്റെ പ്രത്യേകതയുമുണ്ട്. നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ലായെന്ന ഈ നൂറ്റാണ്ടിന്റെ ശ്രദ്ധേയമായ പ്രസംഗം സംസ്ഥാന സർക്കാർ തന്നെ ഏറ്റെടുത്തിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. 15 ലക്ഷത്തിലധികം തീർത്ഥാടകർ ഈ വർഷം ശിവഗിരിയിലെത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ സാധാരണ ഒരുക്കുന്നത് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളാണ്. തീർത്ഥാടനത്തിനായി കഴിഞ്ഞ തവണ സംസ്ഥാന സർക്കാർ 10 ലക്ഷം രൂപയാണ് നൽകിയത്. അത് വർദ്ധിപ്പിച്ച് നൽകേണ്ടതായിട്ടുണ്ട്. ശിവഗിരിയിലേയ്ക്ക് നാഷണൽ ഹൈവേയിൽ നിന്നും പ്രവേശിക്കാൻ പ്രധാനമായും രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്ന്, കല്ലമ്പലവും മറ്റൊന്ന് പാരിപ്പള്ളിയും. ഈ രണ്ട് സ്ഥലങ്ങളിലും 'നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ' സ്മാരകമായി രണ്ട് പ്രവേശനകവാടങ്ങൾ നിർമ്മിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാർ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ജില്ലയുടെ ചുമതലയുള്ള മന്ത്രിയെ ഏൽപ്പിച്ചുകൊണ്ട് അടിന്തര നടപടികൾ

സ്വീകരിക്കണമെന്നും അങ്ങയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വർക്കല ശിവഗിരി തീർത്ഥാടനത്തിന്റെ അന്താരാഷ്ട്ര പ്രാധാന്യം കണക്കിലെടുത്ത് വിവിധ സർക്കാർ/ അർദ്ധസർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ശിവഗിരി തീർത്ഥാടനവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് സാംസ്കാരിക വകുപ്പിൽ നിന്നും 2015-16 സാമ്പത്തിക വർഷം മന്ത്രിസഭായോഗ തീരുമാനപ്രകാരം ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന് 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഇതിനായി ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. 2016-ലെ ശിവഗിരി തീർത്ഥാടനത്തിന് ധനസഹായം ആവശ്യപ്പെട്ട് ധർമ്മസംഘം ട്രസ്റ്റിൽ നിന്നും സർക്കാരിന് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. ശിവഗിരി തീർത്ഥാടനത്തിനാവശ്യമായ വിപുലമായ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തും. പോലീസ്, അഗ്നിശമനസേന, ആംബുലൻസ് എന്നീ സംവിധാനങ്ങൾ ഉൾപ്പെട്ട കൺട്രോൾ റൂം ശിവഗിരിയിലും വർക്കല റെയിൽവെ സ്റ്റേഷനിലും ഏർപ്പെടുത്തും. ഗതാഗത നിയന്ത്രണത്തിന് കൂടുതൽ ട്രാഫിക് പോലീസ്, എൻ.സി.സി., സ്റ്റുഡന്റ് പോലീസ് എന്നിവരെ നിയോഗിക്കും. ശിവഗിരിയിലും അനുബന്ധപ്രദേശങ്ങളിലും

ദീപാലങ്കാരം ഏർപ്പെടുത്തും. തീർത്ഥാടകർക്ക് വൈദ്യസഹായം ലഭിക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും സർക്കാർ ഒരുക്കുന്നതായിരിക്കും. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറച്ചുകൊണ്ട് മിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും വർക്കല മുൻസിപ്പാലിറ്റിയുടെയും നേതൃത്വത്തിൽ അതാത് സമയത്തുതന്നെ മാലിന്യം നീക്കംചെയ്യുന്നതിന് വാഹനസൗകര്യം ഉൾപ്പെടെ ഏർപ്പാടാക്കും. സാംസ്കാരിക-വ്യവസായ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സാംസ്കാരിക ഉത്സവവും കരകൗശല-കൈത്തറി മേളകളും സംഘടിപ്പിക്കും. ടൂറിസം ഇൻഫർമേഷൻ കൗണ്ടറും ഉണ്ടായിരിക്കും. ശ്രീനാരായണ ഗുരുവിന്റെ ജീവിതവും ജീവിതദർശനങ്ങളും കേരള നവോത്ഥാനവുമായി ബന്ധപ്പെടുത്തി സഞ്ചരിക്കുന്ന ചലച്ചിത്രപ്രദർശനങ്ങൾ നടത്തും. ഹോട്ടലുകളുടേയും ആഹാരം വിതരണം ചെയ്യുന്ന കടകളുടെയും ശുചിത്വം ഉറപ്പാക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തും. കുടിവെള്ളം ലഭ്യമാക്കാൻ ആവശ്യമായ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുകയും ചെയ്യും.

ത്വക്ക് രോഗം പടരുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: സർ, കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലുള്ള കോരിത്തോട്

പഞ്ചായത്തിൽ നിന്നും 50 മീറ്റർ അകലെയുള്ള മൂഴിക്കൽ പ്രദേശം ഇടുക്കി ജില്ലയിലെ ബഹുമാനപ്പെട്ട ഇ. എസ്. ബിജിമോൾ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽപ്പെട്ട ഭാഗമാണ്. അവിടെയുള്ള പാവപ്പെട്ട ആദിവാസികളെ സംബന്ധിച്ചിടത്തോളം അവർക്ക് പഞ്ചായത്ത് ആഫീസിൽ പോകണമെങ്കിൽ 40 കിലോമീറ്റർ സഞ്ചരിക്കണം. മൂഴിക്കൽ മേഖലയിലുള്ള ആദിവാസികൾ ജിപ്സി ടൈപ്പ് ആളുകളാണ്. അവർക്ക് ഈ അടുത്തകാലത്തായി ത്വക്ക് രോഗം വ്യാപകമായി പിടിപെട്ടിരിക്കുകയാണ്. നമ്മുടെ ചാനലുകളെല്ലാം അത് വ്യാപകമായി പ്രചരിപ്പിക്കുന്നു. ന്യൂസ് 18-ൽ അത് റിപ്പീറ്റ് ചെയ്തു കാണാനും ഇടയായി. കുന്നേൽ ഗോപാലൻ എന്നുപറയുന്ന ആദിവാസിയുടെ കുടുംബത്തിലെ 9 മക്കളിൽ 7 പേർക്കും അപ്പനും ഈ ചൊറിയൽ രോഗം പിടിപെട്ടിരിക്കുകയാണ്. ആകെ 6 ഊരുകുടുംബങ്ങൾ മാത്രമാണ് അവിടെയുള്ളത്. ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. ആരോഗ്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചോദിച്ചിട്ടുണ്ട്. പക്ഷെ ഇന്നലെയും ഞാൻ അന്വേഷിച്ചപ്പോൾ അവർ ഈ രോഗത്തിന് അടിമയായി മാറുകയാണെന്നാണ് അറിയാൻ സാധിച്ചത്. ഇത് അടുത്ത കുടുംബങ്ങളിലേയ്ക്ക് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം ഇതിനൊരു പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കാതിരിക്കാൻ കഴിയില്ല.

ആദിവാസി മേഖലയിൽ ജിപ്സി ടൈപ്പ് ആളുകൾ കേരളത്തിൽ മറ്റു ഭാഗങ്ങളിൽ ഉണ്ടോയെന്നുപോലും സംശയമാണ്. വളരെ കുറച്ച് ആളുകൾ മാത്രമുള്ള ഈ ആദിവാസി വിഭാഗത്തെ സംരക്ഷിക്കാൻ ഉത്തരവാദിത്തബോധത്തോടുകൂടി ശ്രമിക്കുന്ന വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. എ. കെ. ബാലന്റെ പ്രവർത്തനം ഉണ്ടാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അവിടുത്തെ പൊതുപ്രവർത്തകരൊക്കെ വളരെ ശക്തമായി സഹായിക്കുന്നുണ്ട്. അവിടുത്തെ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ശ്യാമള തന്നെ ഇവിടെ സന്ദർശിച്ചത് എനിക്കറിയാം. രണ്ട് കാര്യങ്ങൾ ചെയ്യണം. ഈ പാവങ്ങളെ നിർബന്ധമായി ചികിത്സിക്കാനും ഈ രോഗത്തിൽ നിന്നും മോചിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനോടൊപ്പം മൂഴിക്കൽ പ്രദേശം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരിത്തോട് പഞ്ചായത്തിന്റെ ഭാഗമാക്കാനുള്ള നടപടിയുംകൂടി സ്വീകരിച്ചാൽ ഇവരെ സംരക്ഷിക്കാൻ കഴിയുമെന്ന് ആത്മാർത്ഥമായി ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഹായം ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

ഇടുക്കി ജില്ലയിലെ പീരുമേട് നിയമസഭാ മണ്ഡലത്തിൽപ്പെടുന്ന പെരുവന്താനം പഞ്ചായത്തിലെ 8-ാം വർഡിൽ ഉൾപ്പെടുന്നതാണ് മൂഴിക്കൽ ആദിവാസി കോളനി. സബ്മിഷനിൽ ബഹുമാനപ്പെട്ട പി. സി. ജോർജ് സൂചിപ്പിച്ചതുപോലെ, ഈ കോളനിയിൽ മലപ്പണ്ടാരം വിഭാഗത്തിൽപ്പെടുന്ന 14 പട്ടികവർഗ്ഗ കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. അതിൽ 4 കുട്ടികൾ ഉൾപ്പടെ 6 പേർക്കാണ് ത്വക്ക് രോഗം പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടത്. പീരുമേട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പ്രൊമോട്ടർമാർ, ആശാവർക്കർമാർ എന്നിവർ ചേർന്ന് 22.10.2016-നും 24.10.2016-നും രോഗബാധിതരായ മുഴുവൻ ആളുകളെയും കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോകുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇവർക്ക് സ്കാബിസ് രോഗമാണെന്ന് കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും തുടർന്ന് അവരെ വീടുകളിൽ തിരികെ എത്തിക്കുകയും ചെയ്തു. രോഗം നിയന്ത്രണവിധേയമാണ്. അവരുടെ ആരോഗ്യനില തൃപ്തികരവുമാണ്. ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി രോഗപരിചരണവും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. യഥാർത്ഥത്തിൽ വ്യക്തിശുചിത്വത്തിന്റെ ഒരു ബോധവൽക്കരണ അഭാവവും ഇതിന്റെ ഭാഗമായുണ്ട്. അതിൽ നല്ല ശ്രദ്ധ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനാൽ ഇത്തരം രോഗങ്ങൾ

പടർന്നുപിടിക്കാതിരിക്കാൻ വ്യക്തിശുചിത്വത്തെപ്പറ്റി കോളനി നിവാസികളെ ബോധവൽക്കരിക്കുന്നതോടൊപ്പം ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രത്യേകമായ ഒരിടപെടലും ഉണ്ടാകും. പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യ വകുപ്പും നടപടി സ്വീകരിക്കും. ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് തുടർ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും.

കുടിവെള്ള പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: സർ, കാലവർഷം പിണങ്ങി നിൽക്കുന്നതിനാൽ രൂക്ഷമായ വരൾച്ചയെ സംബന്ധിച്ച ഗൗരവതരമായ ചർച്ച നടക്കുന്ന ഈ സാഹചര്യത്തിൽ മണലൂർ മണ്ഡലത്തിലെ കണ്ണോത്ത് - കാരമുക്ക് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുണമെന്നതാണ് എന്റെ വിഷയം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഈ പദ്ധതിയുടെ ഭൂരിപക്ഷം പണികളും പൂർത്തീകരിച്ചു. ഏകദേശം 10 കോടിയോളം രൂപയുടെ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ നടന്നിട്ടുണ്ട്. 20 കിലോമീറ്ററോളം ഡി.ഐ. പമ്പിംഗ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഉന്നതതല സംഭരണിയുടെ നിർമ്മാണം വളരെ നേരത്തെതന്നെ പൂർത്തീകരിക്കുകയും പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ, ട്രയൽ പമ്പിംഗ്, വിതരണ ശൃംഖലാ കമ്മീഷൻ തുടങ്ങിയ

പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരുന്നില്ല. ആനയെ വാങ്ങി ഇനിയൊരു തോട്ടി കൂടി വാങ്ങണമെന്ന അവസ്ഥയിലാണ് ഇപ്പോൾ നിൽക്കുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് പണി തീരാതെ ഉദ്ഘാടനം നടത്താൻ ശ്രമിച്ചെങ്കിലും നാട്ടുകാരുടെ ഗൗരവതരമായ ഇടപെടൽ മൂലം അത് മാറ്റിവയ്ക്കുകയാണുണ്ടായത്. കോടികൾ ചെലവഴിച്ച് അവസാനഘട്ടത്തിൽ എത്തിനിൽക്കുന്ന ഈ പദ്ധതി അടിയന്തരമായി വൈദ്യുതി കണക്ഷൻ നൽകി മണലൂർ - വെങ്കിടങ്ങ് പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണണമെന്നാണ് ഈ സബ്മിഷൻ വഴി ഞാൻ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വെങ്കിടങ്ങ്-മണലൂർ പദ്ധതി 2002-ൽ ആരംഭിച്ചതാണ്. 25662 പേർക്ക് ആളോഹരി പ്രതിദിനം 40 ലിറ്റർ കുടിവെള്ളം എത്തിക്കുന്നതിന് ലക്ഷ്യമിട്ടതാണ് ഈ പദ്ധതി. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പ്രധാനമായും 4 ഘടകങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ ബഹുഭൂരിപക്ഷം പ്രവൃത്തികളും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 2011 ഫെബ്രുവരി മാസം 541 ലക്ഷം രൂപയ്ക്ക് ബാക്കി പ്രവൃത്തികൾക്കുവേണ്ടി മണലൂർ കാരമുക്ക് കുടിവെള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതി പൂർത്തീകരിച്ച് വെങ്കിടങ്ങ്,

മണലൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഒളരി പമ്പ് ഹൗസിൽ എച്ച്.റ്റി. കണക്ഷൻ ലഭിക്കുന്നതിനായി 400 കെ.വി.എ. ട്രാൻസ്ഫോർമർ, 120 എച്ച്.പി. സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ 26.10.2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഒളരി പമ്പ് ഹൗസിൽ എച്ച്.റ്റി. കണക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പമ്പിംഗ് മെയിനിന്റെ ട്രയൽ റൺ പുരോഗമിച്ചുവരുന്നു. ട്രയൽ റൺ ഫലപ്രദമാണെന്ന് കണ്ടുകഴിഞ്ഞാൽ ജലവിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

രാസമാലിന്യങ്ങൾ കിണറുകളിൽ കലരുന്നത് സംബന്ധിച്ച്

<u>ശ്രീമതി ഗീതാ ഗോപി:</u> സർ, നാട്ടിക നിയോജകമണ്ഡലത്തിലെ അവിണിശ്ശേരി പഞ്ചായത്ത് ചെറുവത്തേരി പ്രദേശത്ത് 2007 മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെന്റ് ആന്റണീസ് ജ്യൂവലറി വർക്സ് എന്ന സ്വർണ്ണാഭരണ നിർമ്മാണ ശാലയിൽ നിന്നുള്ള രാസമാലിന്യങ്ങൾ സമീപത്തെ നൂറുകണക്കിന് കിണറുകളിലേയ്ക്ക് ഭൂഗർഭത്തിലൂടെ ഒഴുകിയെത്തി ആസിഡ് കലർന്ന് ജലത്തിന്റെ പി.എച്ച്. 3.0-നും 6.0-നുമിടയിലായി വെള്ളം ഉപയോഗശൂന്യമായിരിക്കുന്നതായി സർക്കാർ ലബോറട്ടറികളിൽ നടത്തിയ

രാസപരിശോധനയിൽ കണ്ടെത്തിയിരിക്കുന്നു. നൂറിൽപ്പരം വീടുകൾക്ക് കുടിവെള്ളമില്ല. ഇപ്പോൾ അവിടെ പൈസ കൊടുത്ത് കുടിവെള്ളം വാങ്ങിക്കുന്ന ഒരവസ്ഥയാണ്. കുട്ടികൾക്ക് ശ്വാസംമുട്ടലും വയറുവേദനയും ഉണ്ടാകുന്നു. ഈ അടുത്ത 6 ദിവസങ്ങളിലായി കളക്ടേറ്റ് പടിക്കലിൽ കുട്ടികളും സ്ത്രീകളും പുരുഷന്മാരുമുൾപ്പടെയുള്ള വൻ ജനാവലിയാണ് ശുദ്ധജലത്തിനായി സമരം നടത്തുന്നത്. ഞാൻ ആ സമരത്തിലെത്തിയിരുന്നു. അവരുടെ ആവശ്യങ്ങൾ വളരെ വ്യക്തമായി അന്വേഷിച്ചിരുന്നു. സർക്കാർ നിലപാടുകളെയും തീരുമാനങ്ങളെയും അനുസരിച്ചുള്ള റിപ്പോർട്ടുകൾ അവരുടെ കയ്യിലുണ്ട്. ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെട്ടുകൊണ്ട് ശുദ്ധജലം എത്തിക്കുന്നതിനും നിലവിലുള്ള പ്രായോഗിക നിയമനടപടികൾ ഈ ജനവിഭാഗത്തിനുവേണ്ടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 2007-ൽ ആരംഭിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുന്ന ജ്വവലറിയെ സംബന്ധിച്ച പരാതി 2014-ൽത്തന്നെ അവിടുത്തെ ഗ്രാമ പഞ്ചായത്തിന് ലഭ്യമായതാണ്. അത് വിവിധ സമിതികൾ പരിശോധിക്കുകയാണ്. പരിസരവാസികളിൽ അസ്വാഭാവികമായ ആരോഗ്യസ്ഥിതി തെളിയിക്കുന്ന

ചികിത്സാരേഖകളൊന്നുംതന്നെ ലഭ്യമായിട്ടില്ലെന്നാണ് അവിണിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ റിപ്പോർട്ട്. അതേസമയം ആരോഗ്യ വകുപ്പ് ഈ വിഷയം പഠിച്ച് ചില സാമ്പിൾ ടെസ്റ്റ് റിപ്പോർട്ടുകളിൽ വെള്ളം ഉപയോഗപ്രദമല്ലെന്നും അമ്ലത കൂടുതലായി കാണപ്പെടുന്നതായും ഇതിന്റെ കാരണമറിയുന്നതിനായി കൂടുതൽ വിദഗ്ദ്ധ പരിശോധന ആവശ്യമുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം തന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും പരിശോധന നടത്തിയിട്ടുണ്ട്. ആസിഡ് ഉപയോഗിച്ച് നടത്തുന്ന യാതൊരു പ്രോസസ്സും സ്ഥാപനത്തിൽ നടത്തുന്നതായി കാണുന്നില്ലെന്നും ഇലക്ട്രോ പ്ലേറ്റിംഗ് പോലുള്ള പ്രോസ്സസും നടത്തുന്നതായി കാണുന്നില്ലെന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.12.2018 വരെ സാധുതയുള്ള ബോർഡിന്റെ പ്രവർത്തനാനുമതി അവർക്ക് ലഭ്യമായിട്ടുണ്ട്. 2015-ൽ തൃശ്ശൂർ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം.-ലെ സയന്റിസ്റ്റിന്റെയും സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിലും ടി സ്ഥാപനത്തിൽ ആസിഡ് ഉപയോഗം നടക്കുന്നതായി കാണപ്പെട്ടിട്ടില്ല. യൂണിറ്റിന്റെ മലിനജല സംസ്കരണ പ്ലാന്റിൽ നിന്നുള്ള ജലം യൂണിറ്റിന്റെ തന്നെ ഉടമസ്ഥതയിലുള്ള സ്ഥലത്തേയ്ക്ക് പമ്പ് ചെയ്യുന്നതായി പരാതി

ഉന്നയിച്ചിരുന്നു. ടി പൈപ്പ് നീക്കം ചെയ്യുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകുകയും തുടർന്ന് അത് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നിലവിലുള്ള മലിനജല സംസ്കരണ പ്ലാന്റിൽ ഭേദഗതി വരുത്തി പ്ലാന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നിർദ്ദേശമുണ്ടായിരുന്നു. അത് ചെയ്തുവെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. മലിനജലം ശുദ്ധീകരിച്ചശേഷം ഫ്ലഷിംഗിനായി പുനരുപയോഗിക്കാനും ബാക്കിയുള്ള ജലം സോക്ക്പിറ്റ് വഴി നിർമ്മാർജ്ജനം ചെയ്യാനും നിർദ്ദേശം കൊടുത്തിരുന്നു. അതും പാലിച്ചുവെന്നാണ് ബോർഡിന്റെ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്.

ബോർഡ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ 29.12.2015-ൽ നടത്തിയ ഹിയറിംഗിൽ പ്രധാനമായും 5 നിർദ്ദേശങ്ങൾ പ്രസ്തുത കമ്പനിക്ക് നൽകിയെങ്കിലും അതിൽ ഒരു നിർദ്ദേശം ഒഴികെ ബാക്കി എല്ലാ നിർദ്ദേശങ്ങളും യൂണിറ്റ് പാലിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയാണ്. ഇതാണ് 3 ബോർഡുകളുടെയും പരിശോധനാ റിപ്പോർട്ടുകളിൽ പറയുന്നത്. എന്നാൽ കുടിവെള്ളം അവർക്ക് എത്തിച്ചുകൊടുക്കുകയെന്ന ഉത്തരവാദിത്തം ജല അതോറിറ്റി നിർവ്വഹിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവിണിശ്ശേരി പഞ്ചായത്തിലെ ചെറുവത്തേരി പ്രദേശത്ത് അവിണിശ്ശേരി കുടിവെള്ള പദ്ധതിയിൽ നിന്നാണ് ശുദ്ധജല വിതരണം

നടത്തുന്നത്. 36 പൊതു ടാപ്പുകളാണ് അവിടെ ഉണ്ടായിരുന്നത്. എന്നാൽ ഈ പ്രദേശത്തെ കിണറുകളിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന വിവരം വാട്ടർ അതോറിറ്റിയെ പഞ്ചായത്ത് അറിയിച്ചതിനെ തുടർന്ന് 10 പൊതു ടാപ്പുകൾകൂടി സ്ഥാപിച്ച് ജലവിതരണം ഒന്നിടവിട്ട ദിവസങ്ങളിൽ നടത്തിവരുന്നുണ്ട്. കുടിവെള്ള കണക്ഷനുകൾ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നൽകുകയും ചെയ്യും. അവിണിശ്ശേരി പദ്ധതിയുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശോധനയിൽ രാസമാലിന്യങ്ങൾ ഒന്നുംതന്നെ ഉള്ളതായി കാണപ്പെട്ടിട്ടില്ല. ചെറുവത്തേരി പ്രദേശത്തെ കിണറുകളിൽ ആസിഡും മറ്റ് വിഷപദാർത്ഥങ്ങളും ചേർന്ന് വെള്ളം മലിനമായി പ്രദേശവാസികൾക്ക് കുടിവെള്ളം വിലയ്ക്കുവാങ്ങേണ്ട അവസ്ഥയ്ക്ക് കാരണമായ സെന്റ് ആന്റണീസ് ജ്വവലറി അടച്ചുപൂട്ടണമെന്ന് കാണിച്ച് ചെറുവത്തേരി പൗരസമിതി അംഗങ്ങൾ വീണ്ടും സമർപ്പിച്ച അപേക്ഷയെ തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 04.08.2016-ന് ആരോപണവിധേയമായ കമ്പനിയും പരിസരപ്രദേശങ്ങളും സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ട്രേറ്റിൽ വച്ച് 05.08.2016-ന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്.

സെന്റ് ആന്റണീസ് ജ്വവലറി വർക്സ് എന്ന സ്ഥാപനം ജലമലിനീകരണത്തിന്

കാരണമാകുന്നുവെന്ന് തെളിയിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാലും ചെറുവത്തേരിയിലും ടി പ്രദേശത്തെ ഉയർന്ന സ്ഥലങ്ങളിലും വെള്ളത്തിന്റെ പി.എച്ച്. മൂല്യം കുറഞ്ഞതായി കാണുന്നുവെന്നതിനാലും പൗരസമിതിയുടെ ആരോപണങ്ങൾ നിലനിൽക്കുന്നതിനാലും ജലമലിനീകരണം ജനങ്ങളുടെ ആരോഗ്യത്തിന് ദോഷകരമായി ബാധിക്കുമെന്നുള്ളത് ഗൗരവമായി കാണുന്നതിനാലും പ്രസ്തുത പ്രദേശത്തെ ജലമലിനീകരണത്തിന് അടിസ്ഥാനമായ വസ്തുതകൾ പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിനായി സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

<u>തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, വയനാട് ജില്ലയിലെ എന്റെ മണ്ഡലമായ കൽപ്പറ്റയിലെ വിവിധ തോട്ടം ഉടമകൾ നടത്തിക്കൊണ്ടിരിക്കുന്ന തൊഴിലാളി ദ്രോഹ നടപടികളാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ഫാത്തിമ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പ്ര പീക്ക് എസ്റ്റേറ്റ് 26.10.2016 മുതൽ ലോക്ക് ഔട്ട് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട രാജ്യസഭാംഗം ശ്രീ. പി. വി. അബ്ദുൽ വഹാബിന്റെ ഉടമസ്ഥതയിലുള്ള പി. വി. എസ്. ഗ്രൂപ്പാണ് ഈ എസ്റ്റേറ്റ് നടത്തുന്നത്. 181 സ്ത്രീകളുൾപ്പെടെ 320 തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ട്. രണ്ട്

മാസത്തെ ശമ്പളം കുടിശ്ശികയായി കൊടുത്തിട്ടില്ല. യാതൊരുവിധ മുന്നറിയിപ്പുമില്ലാതെ നിയമവിരുദ്ധമായിട്ടാണ് ലോക്ക് ഔട്ട്. ആറ് ആഴ്ചത്തെ പിരീഡോ അല്ലെങ്കിൽ കുറഞ്ഞത് 15 ദിവസത്തെ നോട്ടീസോ ഒന്നും കൊടുക്കാതെ ലോക്ക് ഔട്ട് ചെയ്തിരിക്കുകയാണ്. തൊഴിലാളികൾ ഇപ്പോൾ എല്ലാ ദിവസവും സത്യാഗ്രഹ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.

അതുപോലെ വയനാട്ടിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയും 2015-ലെ ബോണസ് ഇതുവരെ സെറ്റിൽ ചെയ്യാൻ തയ്യാറായിട്ടില്ല. 8.33 ശതമാനം ബോണസ് ഏകപക്ഷീയമായി പ്രഖ്യാപിക്കുകയാണ് ചെയ്തിട്ടുള്ളത്. തൊഴിലാളികൾ ഇതുവരെ ഇത് വാങ്ങിയിട്ടില്ല. 2,700-ഓളം തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ആ ബോണസ് പ്രശ്നം പരിഹരിക്കാനും അടിയന്തരമായി ഇടപെടണം.

കൽപ്പറ്റയിലെ എൽസ്റ്റൺ എസ്റ്റേറ്റിൽ 600 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ജൂലൈ മാസം മുതൽ ഇവർക്ക് ശമ്പളമോ, ബോണസ്സോ നൽകിയിട്ടില്ല. താമസ യോഗ്യമായ പാഡികളില്ല. കുടിവെള്ളം, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും ലഭിക്കുന്നില്ല, ചില പാഡികളിൽ വൈദ്യുതി പോലുമില്ല. ഈ പ്രശ്നങ്ങളിൽ അടിയന്തരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വയനാട് ജില്ലയിലെ ഫാത്തിമ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പ്ര പീക്ക് എസ്റ്റേറ്റ് കടുത്ത സാമ്പത്തിക പ്രതിസന്ധിയും തോട്ടം മേഖലയിലെ പ്രതികൂല സാഹചര്യങ്ങളും കാരണം 27.10.2016-ാം തീയതി ലോക്ക് ഔട്ട് ചെയ്യാൻ തീരുമാനിച്ചതായി 26.10.2016-ാം തീയതിയിലെ എസ്റ്റേറ്റ് മാനേജരുടെ കത്ത് പ്രകാരം വയനാട് ജില്ലാ ലേബർ ആഫീസിൽ അറിയിപ്പ് ലഭിക്കുകയുണ്ടായി. തുടർന്ന് 27.10.2016-ന് ടി ആഫീസിൽ തൊഴിലുടമ, തൊഴിലാളി പ്രതിനിധികളുടെ അനുരഞ്ജന യോഗത്തിൽ ഹാജരാകാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ യോഗത്തിൽ തൊഴിലുടമാ പ്രതിനിധികൾ ഹജരായില്ല. ഫാത്തിമ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപനവുമായി തൊഴിലാളി യൂണിയനുകൾ ലോക്ക് ഔട്ട് നോട്ടീസിൽ പറയുന്ന തരത്തിലുള്ള യാതൊരുവിധ സമര പരിപാടികളും അക്രമങ്ങളും നടത്തിയിട്ടില്ല എന്നാണ് അറിയുന്നത്. തൊഴിലാളികൾക്ക് ലഭിക്കാനുണ്ടായിരുന്ന വേതന കുടിശ്ശിക, 2014-15 വർഷത്തെ ബോണസ്സ്, ഏതാനും തൊഴിലാളികൾക്ക് ലഭിക്കാനുള്ള ഗ്രാറ്റുവിറ്റി എന്നിവ 25.09.2016-ന് എസ്റ്റേറ്റിന്റെ മാനേജിംഗ് ഡയറക്ടർ, മാനേജർ എന്നിവരുമായി നടന്ന അനുരഞ്ജന ചർച്ചയിൽ പരിഹരിച്ചിട്ടുള്ളതാണ്. അതിനുശേഷം തൊഴിലുടമയുമായി അസ്വാരസ്യങ്ങൾ

ഉണ്ടായിരുന്നില്ല എന്നും പരാതിയിൽ പറയുന്ന കാര്യങ്ങൾ തീർത്തും അവാസ്തവമാണെന്നും എസ്റ്റേറ്റ് ലോക്ക് ഔട്ട് ചെയ്തത് നിയമവിധേയമാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി മനഃപൂർവ്വം മാനേജ്മെന്റ് സൃഷ്ടിച്ചതാണ് മേൽ പരാതിയെന്നും ട്രേഡ് യൂണിയൻ പ്രതിനിധികൾ അറിയിച്ചു. 2016 സെപ്റ്റംബറിലെ വേതനം വൈകിയെന്ന പരാതി മാത്രമാണ് നിലവിലുള്ളത്. 27.10.2016-ന് ലോക്ക് ഔട്ട് ചെയ്യുന്ന വിവരം സി.ഐ.ടി.യു. യൂണിയന് 27.10.2016-ന് രാവിലെ മാത്രമാണ് ലഭിച്ചത്. മറ്റു യൂണിയനുകൾക്ക് 26.10.2016-ന് വൈകുന്നേരം മാത്രമാണ് ലഭിച്ചത്. മേൽ വിഷയം ജില്ലാ ലേബർ ആഫീസിൽ പരിഹരിക്കപ്പെടാത്തതിനാൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ ഇടപെടുന്നതിനായി 27.10.2016-നുതന്നെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്. ഈ വിഷയത്തിൽ അനുരഞ്ജന ചർച്ചകൾക്കായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ബന്ധപ്പെട്ട കക്ഷികളെ 03.11.2016-ന് വിളിച്ചിരുന്നുവെങ്കിലും അന്നേ ദിവസം തൊഴിലുടമയ്ക്ക് ഹാജരാകാൻ സാധിക്കില്ല എന്ന് അറിയിച്ചതിനെ തുടർന്ന് ചർച്ച വീണ്ടും 07.11.2016-ലേക്ക് മാറ്റിവച്ചിട്ടുണ്ട്. ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം തുടരുന്നു.

കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റ് എന്ന സ്ഥാപനത്തിൽ കൽപ്പറ്റ പ്ലാന്റേഷൻ

ഇൻസ്പെക്ടർ 09.07.2015-ന് പരിശോധന നടത്തിയിട്ടുണ്ട്. തൊഴിലാളികളുടെ പാഡികൾ ശോചനീയാവസ്ഥയിലാണെന്നും അറ്റകുറ്റപ്പണികൾ നടത്തിയിട്ട് നിരവധി വർഷങ്ങൾ കഴിഞ്ഞുവെന്നും അഴുക്കുചാലുകൾ പൊട്ടിപ്പൊളിഞ്ഞ് കിടന്ന് ദുർഗന്ധം വമിക്കുന്നതായും പാഡികൾ വൈദ്യുതീകരിക്കാത്തതിനാൽ തൊഴിലാളികളും വിദ്യാർത്ഥികളായ അവരുടെ കുട്ടികളും വളരെയധികം പ്രയാസം അനുഭവിക്കുന്നതായും പാഡികൾ വൈറ്റ്‌വാഷ് ചെയ്യുകയും ജനലുകളും വാതിലുകളും പെയിന്റ് അടിക്കുകയും ചെയ്തിട്ട് നിരവധി വർഷങ്ങളായെന്നും 2013, 2014, 2015 വർഷങ്ങളിലെ കമ്പിളി പുതപ്പുകൾ തൊഴിലാളികൾക്ക് നൽകിയിട്ടില്ലെന്നും കണ്ടതിനെ തുടർന്ന് തൊഴിലുടമയ്ക്ക് നോട്ടീസ് നൽകിയിട്ടും അപാകതകൾ പരിഹരിക്കാത്തതിനാൽ 31.12.2015-ന് തൊഴിലുടമയ്ക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. എൽസ്റ്റൺ എസ്റ്റേറ്റിലെ ബോണസ് വിഷയം സംബന്ധിച്ച് 09.11.2016-ന് ചർച്ച നടത്തുന്നതിന് വയനാട് ജില്ലാ ലേബർ ആഫീസർ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 15.11.2016-ന് മുൻപായി കുടിശ്ശിക വേതനം തൊഴിലാളികൾക്ക് നൽകുമെന്ന് മാനേജ്മെന്റും തൊഴിലാളി യൂണിയനും ധാരണയിലെത്തിയിട്ടുണ്ട്. ചികിത്സാ സൗകര്യം ലഭ്യമാക്കാത്തത് സംബന്ധിച്ച് വയനാട് ജില്ലാ ലേബർ ആഫീസിൽ

പരാതിപ്പെട്ടപ്പോൾ പ്ലാന്റേഷൻ ഇൻസ്പെക്ടർക്ക് പരാതി നൽകി പരിഹാരം കാണാൻ ജില്ലാ ലേബർ ആഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹാരിസൺസ് മലയാളം ലിമിറ്റഡിലെ ബോണസ് വിഷയവുമായി ബന്ധപ്പെട്ട് സി.ഐ.ടി.യു. യൂണിയൻ 2016 ഫെബ്രുവരി 6 മുതൽ 20 ശതമാനം ബോണസ് ആവശ്യപ്പെട്ട് അനിശ്ചിതകാല സമരം ആരംഭിക്കുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിലും റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ലേബർ കമ്മീഷണർ എന്നീ തലത്തിലും അനുരഞ്ജന ചർച്ചകൾ നടത്തുകയുണ്ടായി. 24.02.2016-ന് തിരുവനന്തപുരത്ത് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ഈ വിഷയത്തിൽ അനുരഞ്ജന ചർച്ചകൾ നടത്തിയിട്ടുള്ളതാണ്. ചർച്ചയ്ക്ക് പരിഹാരമാകാതെ സമരം നീണ്ടു പോയ സാഹചര്യത്തിൽ 23.03.2016-ന് ജില്ലാ ലേബർ ആഫീസർ വിളിച്ചുചേർത്ത അനുരഞ്ജന ചർച്ചയിൽ താഴെപ്പറയുന്ന ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ധാരണയായി. 'മാനേജ്മെന്റ് ഏകപക്ഷീയമായി പ്രഖ്യാപിച്ച ബോണസ് അംഗീകരിക്കാൻ കഴിയില്ല എങ്കിലും ബോണസ് സംബന്ധിച്ച തർക്കം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽ റഫർ ചെയ്തതിനാൽ ഇപ്പോൾ ഒപ്പിട്ട ബോണസ്, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ തീരുമാനത്തിന് വിധേയമായി തൊഴിലാളികൾ

കൈപ്പറ്റം.' 31.03.2016-ന് മുൻപായി ബോണസ് വിതരണം ചെയ്യാനും മാനേജ്മെന്റ് തീരുമാനിച്ചു. സാലറി അഡ്വാൻസ് 1,000/- രൂപ 12.04.2016-ന് മുൻപായി നൽകുന്നതിനും ഈ തുക 2016 ജൂൺ, ജൂലൈ മാസങ്ങളിൽ തിരിച്ചുപിടിക്കുമെന്നും വ്യവസ്ഥ ചെയ്തു. മേൽപ്പറഞ്ഞ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം 1,000/- രൂപ ശമ്പളത്തിൽനിന്ന് തിരിച്ചുപിടിക്കുന്നതിന് സി.ഐ.ടി.യു. യൂണിയൻ എതിർപ്പ് പ്രകടിപ്പിക്കുകയും ഈ വിഷയത്തിൽ 25.08.2016-ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ അനുരഞ്ജന ചർച്ച വിളിക്കുകയും ചർച്ചയിൽ സമരം ചെയ്ത തൊഴിലാളികൾക്ക് നൽകിയ അഡ്വാൻസ് 1,000/- രൂപ 2016 ജൂൺ, ജൂലൈ മാസങ്ങളിൽ തിരിച്ചു പിടിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് ഉന്നതതല ചർച്ച നടത്തി പരിഹാരമുണ്ടാക്കാൻ ധാരണയിലെത്തിയിട്ടുണ്ട്.

<u>തൊഴിൽ നിയമങ്ങൾ</u>

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, കേരളത്തിലെ ചുമട്ടു തൊഴിലാളികൾ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അക്കൂട്ടത്തിൽ തൊഴിൽ നിയമങ്ങൾ അശാസ്ത്രീയമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായും അവർ തൊഴിൽ മേഖലയിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരം രൂപീകൃതമായ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ അതാത്

പ്രദേശങ്ങളിലെ നിരവധി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 26 (A) പ്രകാരമുള്ള എ.എൽ.ഒ. കാർഡ് ഉള്ളവർക്കു മാത്രമേ സംസ്ഥാനത്ത് കയറ്റിറക്ക് ജോലി ചെയ്യാനാകൂ. ക്ഷേമ പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശത്തെ തൊഴിലാളികളും ഉടമകളും ബോർഡിൽ രജിസ്റ്റർ ചെയ്താണ് പ്രവർത്തിച്ചു വരുന്നത്. എന്നാൽ ചിലർ ഇതിന് വിരുദ്ധമായി ഇതര സംസ്ഥാന തൊഴിലാളികളെയും അല്ലാത്തവരേയുംകൊണ്ട് ജോലി ചെയ്യിക്കാൻ ശ്രമിക്കുന്നതും ചില എ.എൽ.ഒ.-മാരും ഡി.എൽ.ഒ.-മാരും വിവേചനാധികാരം ഉപയോഗിച്ച് അർഹതയില്ലാത്തവർക്ക് കാർഡുകൾ കൊടുക്കുന്നതും ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടത്തിനും തുടർന്ന് കേസ്സുകൾക്കും ഇടയാകുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കാർഡ് കൊടുക്കണമെങ്കിൽ 1978-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രേറ്റഡ് ലേബർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ ജില്ലാ ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡുകളുടേയും എൻ.ഒ.സി. കിട്ടാതെ എ.എൽ.ഒ. കാർഡ് കൊടുക്കുന്ന രീതി നിയമംമൂലം മാറ്റേണ്ടതാണ്. ആയതിനാൽ ചുമട്ടുതൊഴിലാളികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ ചുമട്ടു തൊഴിലാളി നിയമത്തിൽ വ്യക്തത വരുത്താനും ചട്ടത്തിൽ ഭേദഗതി കൊണ്ടുവരാനും ബന്ധപ്പെട്ട വകുപ്പുകൾക്ക്

നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ): സർ, 1978 ലെ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരം അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളിൽനിന്നും 26 (എ) രജിസ്ട്രേഷനുവേണ്ടി അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ രജിസ്റ്ററിംഗ് അതോറിറ്റിയായ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ അപേക്ഷകൻ ചുമട്ടുതൊഴിൽ ചെയ്യുന്നതായി അവകാശപ്പെടുന്ന പ്രദേശത്തെ സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി പ്രസ്തുത പ്രദേശത്തെ തൊഴിൽ സാധ്യതകൂടി പരിശോധിച്ചശേഷമാണ് അപേക്ഷയിൽ തീരുമാനം എടുക്കുന്നത്. അറ്റാച്ച്ഡ് കാർഡ് നൽകേണ്ട സാഹചര്യങ്ങളിലും ഇതുസംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അറ്റാച്ച്ഡ് കാർഡിന് വേണ്ടി ഫോറം 9-ൽ അപേക്ഷ ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർ, അപേക്ഷകൻ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളതായ തൊഴിൽ ഉടമകൾക്ക് ഫോറം 10 പ്രകാരമുള്ള നോട്ടീസ് അയച്ച് അവരെക്കൂടി ഹിയറിംഗ് നടത്തിയ ശേഷമാണ് തീരുമാനം എടുക്കാറുള്ളത്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെകൂടി അഭിപ്രായം ആരാഞ്ഞ ശേഷമാണ് 26 (എ) കാർഡ് രജിസ്ട്രേഷൻ സംബന്ധിച്ച തീരുമാനം എടുക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ ഇതു സംബന്ധിച്ച്

ഹൈക്കോടതി നൽകുന്ന നിർദ്ദേശങ്ങളും കൂടി പാലിക്കുവാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാകുന്നു. സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ള പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചുമട്ടുതൊഴിലാളി നിയമപ്രകാരം തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിന് ഇവർ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥയില്ല. കൂടാതെ ഇവർക്ക് ചുമട്ടുതൊഴിലാളി നിയമപ്രകാരം 26(എ) തിരിച്ചറിയൽ കാർഡ് നൽകുന്നത് വിലക്കികൊണ്ട് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലോ 1981-ലെ ചട്ടത്തിലോ പ്രതിപാദിച്ചിട്ടില്ല. ചുമട്ടുതൊഴിൽ കാർഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കോ ജില്ലാ ലേബർ ഓഫീസർമാർക്കോ വിവേചനാധികാരമില്ല. ഒരു നിയമവിരുദ്ധ നടപടികളേയും അനുവദിക്കുന്ന പ്രശ്നമില്ല.

<u>നിയമ സർവ്വകലാശാല</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കേരളത്തിലെ നിയമപഠനം ഇപ്പോൾ വിവിധ സർവ്വകലാശാലകൾക്ക് കീഴിലാണ് നടക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകൾക്കായി സാങ്കേതിക സർവ്വകലാശാലയും മെഡിക്കൽ പഠനത്തിനായി ആരോഗ്യ സർവ്വകലാശാലയും സ്ഥാപിച്ച മാതൃകയിൽ കേരളത്തിലെ

നിയമപഠനത്തിനായി ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചാണ് എന്റെ ഈ സബ്മിഷൻ. ഇങ്ങനെയൊരു സർവ്വകലാശാല സ്ഥാപിക്കുക വഴി ഈ രംഗത്തെ വളർച്ചയ്ക്കും വികാസത്തിനും ഇത്തരമൊരു നടപടി ഏറെ സഹായകരമാകും. മുൻപ് നമ്മുടെ സംസ്ഥാനത്ത് മൂന്ന് ഗവൺമെന്റ് ലാ കോളേജുകളും, ഒരു ലാ അക്കാഡമിയും ഉണ്ടായിരുന്നതാണ്. ഇന്ന് ആ സ്ഥാനത്ത് സർക്കാർ മേഖലയിലും, സ്വാശ്രയ മേഖലയിലുമായി 30-ഓളം ലാ കോളേജുകൾ ഇപ്പോൾ ഉണ്ട്. സംസ്ഥാനത്ത് ഒട്ടാകെ 8000-ത്തോളം കുട്ടികൾ നിയമ പഠനത്തിന് ഉണ്ട്, ആവശ്യത്തിന് അധ്യാപകരും ഇല്ല. കോഴിക്കോട് ലാ കോളേജിൽ 700 എൽ.എൽ.ബി. വിദ്യാർത്ഥികളും 30 പോസ്റ്റ്ഗ്രാജുവേഷൻ എൽ.എൽ.എം. വിദ്യാർത്ഥികളും ഉണ്ട്. ഇവിടെ 30 അധ്യാപകരാണ് വേണ്ടത്, എന്നാൽ 16 പേർ മാത്രമാണുള്ളത്. ഇതാണ് കോഴിക്കോട് ലാ കോളേജിന്റെ സ്ഥിതി. അതുപോലെ ഏകോപനത്തിന്റെ അനിവാര്യത ഈ രംഗത്ത് ധാരാളമുണ്ട്. വിവിധ യൂണിവേഴ്സിറ്റികളിൽ വിവിധ സിലബസ്സാണ്. വ്യത്യസ്ത സമയത്തുള്ള പരീക്ഷയും റിസൽറ്റുമാണ് നടക്കുന്നത്. ഇത് എൻറോൾമെന്റിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ വരെയുണ്ട്, അതായത് കേരള യൂണിവേഴ്സിറ്റിക്ക് കീഴിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലും ഒരേ സമയത്ത് നടന്ന കോഴ്സിൽ കേരള യൂണിവേഴ്സിറ്റി

റിസൽറ്റ് പ്രസിദ്ധീകരിച്ചു, പക്ഷേ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇതുവരെ റിസൽറ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ഇനി എൻറോൾമെന്റാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. കേരള സർവ്വകലാശാലയ്ക്ക് കീഴിൽ പഠിച്ച വിദ്യാർത്ഥികൾക്ക് എൻറോൾചെയ്യാം. എന്നാൽ കാലിക്കട്ട് യൂണിവേഴ്സിറ്റിക്ക് കീഴിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷ കഴിഞ്ഞ് റിസൽറ്റ് വന്നാൽ പോലും ചിലപ്പോൾ മാസങ്ങൾ കാത്തിരിക്കേണ്ടി വരും. അതിനാൽ റിസൽറ്റിന്റെ കാര്യത്തിലും അത് എൻറോൾമെന്റുമായി ബന്ധിപ്പിക്കുന്ന കാര്യത്തിലുമൊക്കെ ഒരു ഏകോപനം ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കാര്യങ്ങളൊക്കെ അറിയാവുന്നതാണ്. നമ്മൾ സാങ്കേതിക സർവ്വകലാശാല ഉണ്ടാക്കിയതുപോലെ, ആരോഗ്യ സർവ്വകലാശാല ഉണ്ടാക്കിയതുപോലെ ഒരേ സിലബസ്സിൽ ഒരേ സമയം പരീക്ഷയെഴുതി ഒരേ സമയം റിസൽറ്റ് വരുന്ന രീതിയിൽ, ആവശ്യത്തിന് അധ്യാപകരെ കൊടുക്കാൻ അത്തരത്തിൽ ഈ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ ഒരു യൂണിവേഴ്സിറ്റിയിൽ ചില ക്രിമനൽ ജൂറിസ് പ്രൂഡൻസ് പോലെയുള്ള കോഴ്സുകൾ പഠിക്കുന്നില്ല എന്നുപറഞ്ഞ് അവർക്ക് എൻറോൾമെന്റിന് ചില തടസ്സങ്ങൾ ഉണ്ടായി. ഇത്തരം വിഷയങ്ങൾക്കൊക്കെ ഉള്ള പരിഹാരം എന്നു പറയുന്നത്, നിയമ പഠനത്തിനായി ഒരു സർവ്വകലാശാല എന്നുള്ളതാണ്. കാലം മാറി ഇന്ന്

എല്ലാത്തിനും പ്രത്യേക സർവ്വകലാശാലകൾ ഉള്ള ഈ സാഹചര്യത്തിൽ നിയമ പഠനത്തിന് ഒരു പ്രത്യേക സർവ്വകലാശാല എന്നുള്ള ആവശ്യം ഈ സർക്കാർ ഉയർത്തിക്കൊണ്ടുവരണം, അതിനുള്ള നടപടികൾ ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാമുള്ള പരിഹാരം നിയമപഠനം ഒരു സർവ്വകലാശാലക്ക് കീഴിലാക്കി കാര്യക്ഷമമാക്കുക എന്നുള്ളതാണ്, അതിന് നടപടികൾ ഉണ്ടാകണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഈ സഭ മുൻപാകെയും ബഹുമാനപ്പെട്ട മന്ത്രി മുൻപാകെയും ഞാൻ സമർപ്പിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നിലവിലുള്ള 13 സർവ്വകലാശാലകളിൽ കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി എന്നിവയുടെ കീഴിൽ ഇപ്പോൾ നിയമ പഠനം നടക്കുന്നുണ്ട്. നാല് സർക്കാർ ലാ കോളേജുകളിലും സ്വാശ്രയ മേഖലയിലെ ഏകദേശം 20 കോളേജുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. നിയമപഠനം വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്നത് സംബന്ധിച്ച് പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതിനാലും ഒരു പുതിയ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് വലിയ സാമ്പത്തിക ബാദ്ധ്യത

വരുത്തുമെന്നതിനാലും നിയമ സർവ്വകലാശാല ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നിലവിലുള്ള ഈ മേഖലയിലെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാം.